## പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ .10 — 05.03.2012-ൽ മറുപടിക്ക്

### ഉൾക്കടലിൽ മത്സ്യത്തൊഴിലാളികളുടെ ജീവന് സംരക്ഷണം

| ചോദ്യം | | മറുപടി |
|---|---|---|
| | **ശ്രീ. ഇ. ചന്ദ്രശേഖരൻ**<br>**ശ്രീ. സി. ദിവാകരൻ**<br>**ശ്രീ. കെ. അജിത്**<br>**ശ്രീ. ഇ. കെ. വിജയൻ** | **ശ്രീ. കെ.ബാബു**<br>**(മത്സ്യബന്ധന തുറമുഖ - എക്സൈസ് വകുപ്പ് മന്ത്രി)** |
| (എ) | കടലിൽ പോയി നേരിട്ട് മത്സ്യബന്ധനം നടത്തുന്ന എത്ര മത്സ്യത്തൊഴിലാളികൾ സംസ്ഥാനത്തുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്; | കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കണക്ക് പ്രകാരം സംസ്ഥാനത്ത് ആകെ 1,88,132 മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നു. |
| (ബി) | പ്രസ്തുത മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥാ വ്യതിയാനങ്ങൾ മനസ്സിലാക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിക്കൊടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥാ വ്യതിയാനങ്ങൾ മനസ്സിലാക്കുന്നതിന് മത്സ്യവിജ്ഞാന കേന്ദ്രങ്ങൾ വഴിയും ഫിഷറീസ് സ്റ്റേഷന് വഴിയും യഥാസമയം അറിയിപ്പ് നൽകുന്നതു കൂടാതെ പത്രമാധ്യമങ്ങൾ, റേഡിയോ, ടെലിവിഷൻ എന്നിവ മുഖാന്തിരം കാലാവസ്ഥാ നിരീക്ഷണ വകുപ്പ് അറിയിപ്പുകൾ നൽകുന്നു. |
| (സി) | ഉൾക്കടലിൽ മത്സ്യത്തൊഴിലാളികളുടെ ജീവന് സംരക്ഷണം നൽകുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ? | കേരള തീരത്തു നിന്ന് 22 കി.മീ. ദൂരം വരെയുള്ള (ടെറിട്ടോറിയൽ വാട്ടർ) സമുദ്ര മേഖലയാണ് സംസ്ഥാനത്തിന്റെ അധികാരപരിധിയിൽ വരുന്നത്. മത്സ്യബന്ധനത്തിന് പോകുന്ന |

മത്സ്യബന്ധനയാന ഉടമകൾക്ക് (യന്ത്രവൽകൃത വള്ളങ്ങൾക്ക്) സുനാമി അടിയന്തിര പദ്ധതി/സുനാമി പുനരധി വാസ പദ്ധതി/പ്രധാന മന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധി എന്നീ പദ്ധതികൾ പ്രകാരം കടൽ സുരക്ഷാ കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. മത്സ്യബന്ധനത്തിനിടെ അപകടത്തിൽ പ്പെടുന്ന മത്സ്യത്തൊഴിലാളികളെയും യാനങ്ങളെയും രക്ഷപ്പെടുത്തുന്നതിന് മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗ ത്തിന്റെ സഹായത്തോടെ രക്ഷാപ്ര വർത്തനം ആവശ്യമുള്ള സമയത്ത് നടത്തുന്നതിന് ഫിഷറീസ് വകുപ്പിന്റെ പട്രോൾ ബോട്ടുകൾ ഉപയോഗപ്പെ ടുത്തുന്നു.

സെക്ഷൻ ഓഫീസർ